LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ്

134 (3418) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ച്, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ പണി കഴിച്ച ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ് ഇനിയും പ്രവർത്തനം ആരംഭിയ്ക്കാത്തതു മൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നഗരത്തിന്റെ വികസനത്തിന് സഹായകരവുമായ പ്രസ്തുത ബസ് സ്റ്റാന്റ് ഉടനെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോർത്ത് ബസ് സ്റ്റാന്റ് ഉടനെ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ചാലക്കുടി .എം.എൽ.എ.യുടെ വികസന ഫണ്ടിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് നോർത്ത് ബസ് സ്റ്റാന്റ് യാർഡ് മെറ്റലിംഗ്, ബസ് ഷെൽട്ടർ, ഡ്രെയിൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാൻ വൈദ്യുതി കണക്ഷൻ, പുറമ്പോക്ക് തോട് സൈഡ് കെട്ടി കവറിംഗ് സ്ലാബ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ കൂടി പൂർത്തീകരിച്ചാൽ ബസ് സ്റ്റാന്റിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ആകും. ടി പ്രവൃത്തികൾക്കായി 2014-15 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തി നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്. 2.5 ഏക്കർ സ്ഥലം ആവശ്യമായ ബസ് സ്റ്റാന്റിന് നഗരസഭയുടെ ഉടമകളിൽനിന്നും ഉപാധി രഹിതമായി വിട്ടുകിട്ടുന്നതിനും 24 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് പ്രവൃത്തികൾ

135 (3419) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

I. കുടിവെള്ള പദ്ധതി : (a) എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം

- ഈ പ്രദേശങ്ങളിലേയ്ക്കുള്ള വിതരണ ശൃംഖലയിൽ II സബ് സോണുകൾ ഉണ്ട്. ഇവയിൽ വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ പടിഞ്ഞാറുഭാഗത്ത് സോൺ II - (എ)-യിൽ 80% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിച്ച ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട വാട്ടർ സപ്ലൈ ഡിവിഷന്റെ ചുമതലകളിൽ നടത്തപ്പെടുന്നു.
- ഈ പ്രദേശത്തെ പദ്ധതിയിൽ 3 ടാങ്കുകളാണ് ഉദ്ദേശിച്ചിട്ടുള്ളത്.
- മാലിപ്പുറം ടാങ്ക് നിർമ്മാണം പൂർത്തിയായി.
- മുരിക്കും പാടത്ത് ടാങ്ക് നിർമ്മാണ കരാറുകാരന് പിഴയോട് കൂടി രണ്ടാം തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.
- ഞാറയ്ക്കൽ ടാങ്ക് നിർമ്മാണ കരാറുകാരന് പിഴയോടുകൂടി ഒരു തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.
- പദ്ധതി മേയ് 2015-ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(b) കുടിവെള്ള പദ്ധതി: കടമക്കുടി കടമക്കുടി പദ്ധതിയിലെ പിഴല ടാങ്ക് നിർമ്മാണത്തിന്റെ കാലാവധി 30-5-2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

II. കുടിവെള്ള പദ്ധതി: എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്ത്. പദ്ധതി 90% പൂർത്തീകരിച്ചു. ഉപരിതല ടാങ്കിന്റെ നിർമ്മാണവും 90% പൂർത്തിയായിട്ടുണ്ട്.

- പദ്ധതി 2014 ഡിസംബർ അവസാനത്തോടുകൂടി ട്രയൽ റൺ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

III. മുളവുകാട് റോഡ് വികസനം :

- പദ്ധതി നിർമ്മാണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ഒന്നാം ഘട്ടം -2 1/2 കി.മീ. നിർമ്മാണം പൂർത്തിയായി.
- രണ്ടാം ഘട്ടം-2 1/2 കി.മീ. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം സ്ഥലം ഉടമകളുടെ തടസ്സവാദങ്ങളും നിലനില്ക്കുന്നുണ്ട്.

IV. വൈപ്പിൻ - മുനമ്പം തീരദേശ പാത നിർമ്മാണം:

- 3 റീച്ചുകളായി തിരിച്ചിരിക്കുന്നു.
- ഇതിൽ രണ്ടാം റീച്ചിൽ 30% ജോലികൾ പൂർത്തീകരിച്ചു. പരിസരവാസികളുടെ തടസ്സവാദങ്ങൾ കാരണം ജോലികൾ നിർത്തിവച്ചിരിക്കുകയാണ്.
- ഒന്നും മൂന്നും റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല

V. കോതാട് - ചേന്നൂർ പാലം നിർമ്മാണം: സ്ഥലം ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

VI. ചെറായി ദേവസ്വം നട ബൈപ്പാസ് നിർമ്മാണം :- കിറ്റ്കോ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റും സർവേ വിവരങ്ങളും ജിഡ ജനറൽ കൗൺസിലിന്റേയും സർക്കാരിന്റേയും അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് പരിഗണിക്കുന്നു. ഇതുസംബന്ധിച്ച് ഒരു പരാതിയും ലഭിച്ചിട്ടുണ്ട്.

VII. മൂലമ്പിള്ളി - ചാത്തനാട് റോഡ് പദ്ധതി:

- മൂലമ്പിള്ളി - പിഴല പാലങ്ങളും അനുബന്ധ റോഡുകളും.
- ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചു
- സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.
- വലിയകടമക്കുടി - ചാത്തനാട് പാലവും അനുബന്ധ റോഡുകളും

LIBRARY ARCHIVES Kerala Legislative Assembly

- പാലത്തിന്റെ 11 പില്ലറുകളിൽ 9 എണ്ണം പൂർത്തീകരിച്ചു. 2 ബീമുകൾ കാസ്റ്റ് ചെയ്യുകഴിഞ്ഞു. ബാക്കി ജോലികൾ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ, പ്രസ്തുത ഭാഗത്തുള്ള അബട്ട്മെന്റുകളുടേയും 2 പില്ലറുകളുടെയും ജോലികൾ ആരംഭിച്ചിട്ടില്ല.
- സ്ഥലം മുഴുവൻ ഏറ്റെടുത്താൽ മൂലമ്പിള്ളി-പിഴല പാലത്തിന്റെ പണി 20 മാസത്തിനകവും വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ പണി 24 മാസനത്തിനകവും പൂർത്തീകരിക്കാനാകുമെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

VIII. വൈപ്പിൻ - മുനമ്പം റോഡിലെ 8 പാലങ്ങളുടെ പുനർ നിർമ്മാണം:

- 6 പാലങ്ങളുടെ പുനർ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കി.
- 2 പാലങ്ങൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്.

IX. പിഴല - ചേന്നൂർ-ചരിയം തുരുത്ത് റോഡ് പദ്ധതി:

- പദ്ധതി പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചിട്ടുണ്ട്.
- സർവേ ജോലികൾ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) വഴി നടത്തിവരുന്നു.
- ടി റോഡിലെ 2 പാലങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി. റോഡുകളുടെ എസ്റ്റിമേറ്റും മൂന്നാമത്തെ പാലത്തിന്റെ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

X. വല്ലാർപാടം ദ്വീപ് സംരക്ഷണ ഭിത്തിയും ബണ്ടുനിർമ്മാണവും:

- പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും സാങ്കേതിക അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly